بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 12/09/2016

**(10 DHUL HIJJA 1437 HIJRI)**

## Hazrat Khalifathullah Munir Ahmad Azim (A)

## "THE KA'ABA : THE HOUSE FOR HUMANITY, EID-UL-ADHA SERMON " / "വലിയപെരുന്നാൾ ഖുത്തുബ"

സലാമിനു ശേഷം, ഈദു മുബാറക്ക് ആശംസകൾ നേർന്ന ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം വലിയ പെരുന്നാൾ ഖുത്തുബ ആരംഭിച്ചു. **" സമസ്ത മനുഷ്യർക്കും വേണ്ടി സ്ഥാപിക്കപ്പെട്ട പ്രഥമ മന്ദിരം മക്കയിലുള്ളതു തന്നെയാണ്. (അത്) അനുഗൃഹീതവും സർവ്വലോകർക്കുമുള്ള മാർഗ്ഗദർശക (കേന്ദ്ര) വുമത്രേ. അതിൽ പ്രത്യക്ഷമായ ദൃഷ്ടാന്തങ്ങളുണ്ട്. ഇബ്രാഹീമിന്റെ (നമസ്ക്കാര) സ്ഥലമാണ് (അത്). അതിൽ ആരെങ്കിലും പ്രവേശിച്ചാൽ അവൻ നിർഭയനായി. അതിലേക്ക് പോകാൻ കഴിവുള്ള എല്ലാ മനുഷ്യർക്കും പ്രസ്തുത മന്ദിരത്തിൽ ചെന്ന് ഹജ്ജ് നിർവ്വഹിക്കേണ്ടത് അല്ലാഹുവിനോടുള്ള കടമയാണ്. ഇനി ആരെങ്കിലും നിഷേധിക്കുന്നതായാൽ നിശ്ചയമായും അല്ലാഹു ലോകത്തിൽ ആരുടെയും യാതൊരുവിധ ആശ്രയവുമില്ലാത്തവനാണ്. (എന്നു മനസ്സിലാക്കി കൊള്ളട്ടെ)"** 3:97 – 98. ഈ രണ്ട് വചനങ്ങളിലൂടെ അല്ലാഹു പറയുന്നു മാനവകുലത്തിനായി സ്ഥാപിച്ച പ്രഥമഭവനമാണത്. അതായത് മക്കയിലേത്. **"ബക്കയിലേത്"** എണ്ണമറ്റ അനുഗ്രഹങ്ങളുടെ സ്ഥലമാണത്. ലോക ജനതയ്ക്ക് വഴികാട്ടിയുമാണത്. അതിൽ പ്രകടമായ ദൃഷ്ടാന്തങ്ങളുണ്ട്. ആ അടയാളങ്ങൾ തീർച്ചയായും അല്ലാഹുവിലേക്ക് വഴികാണിക്കുന്നു. ആ അടയാളങ്ങൾ വന്നതും അല്ലാഹുവിൽ നിന്നാകുന്നു. ഈ അടയാളങ്ങൾ ഇബ്രാഹീമിന്റെ പദവിയിലൂടെ അതായത് മഖാമൂ ഇബ്രാഹീമിലൂടെ ദർശിക്കാവുന്നതുമാണ്. ആ പദവിയിലെത്തുന്നവർ സമാധാനം കണ്ടെത്തുന്നതാണ്. പ്രസ്തുത ഭവനത്തിലേക്കുള്ള തീർത്ഥാടനം അല്ലാഹുവിനോടുള്ള, എല്ലാ മനുഷ്യരുടെയും, കടമയാണ്. അവിടെ എത്തിച്ചേരാൻ കഴിയുന്ന എല്ലാവരും അത് പൂർത്തിയാക്കേണ്ടതാണ്. ഇനി ആരെങ്കിലും ഈ ഉത്തരവാദിത്വം നിഷേധിക്കുന്നതായാൽ അവൻ നന്ദികെട്ടവനാണ്. അല്ലാഹു എല്ലാ സൃഷ്ടികളിൽ നിന്നും സ്വതന്ത്രനാണ്. അവൻ സ്വയം പര്യാപ്തനുമാണ് എന്ന് നിങ്ങൾ അറിയണം. ഈ ഭവനം അല്ലാഹു നിർമ്മിച്ചത് ദൈവീകാനുഗ്രഹങ്ങളിലൂടെ മാനവസമുദായത്തിന് പ്രയോജനം ലഭിക്കുന്നതിന് വേണ്ടിയാണ്. അല്ലാഹു എല്ലാ സൃഷ്ടികളിൽ നിന്നും സ്വതന്ത്രനാണ് എന്ന് പറയുമ്പോൾ, അപ്പോൾ നമുക്കൊരു ചോദ്യമുന്നയിക്കാം, എന്നാൽ പിന്നെ ഈ ഭവനത്തിന്റെ പ്രാധാന്യമെന്താണ് ? ഇതുകൊണ്ട് അർത്ഥമാക്കുന്നത്, അവൻ മാനവസമുദായത്തെ സംരക്ഷിക്കുന്നു. അവന്റെ അനുഗ്രഹങ്ങൾ അവർക്ക് ലഭിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. അവന്റെ അനുഗ്രഹത്തെ തിരസ്ക്കരിക്കുന്നവൻ ദൗർഭാഗ്യവാൻ തന്നെയാണ്. മഖാം എന്ന വാക്കും **"മുഖാം"** എന്ന വാക്കും നമുക്കൊന്ന് പരിശോധിക്കാം. മുഖാം എന്നാൽ അർത്ഥം താൽക്കാലിക താമസസ്ഥലം എന്നാൽ മഖാം എന്ന വാക്ക് ആത്മീയ പദവിയെ സൂചിപ്പിക്കുന്നതാണ്. എന്നാൽ ചിലപ്പോൾ ഈ വാക്ക് ഭൗതിക അർത്ഥത്തിലും എടുക്കുന്നതാണ്. വിശുദ്ധ ഖുർ ആനിൽ നിന്നും ഈ രണ്ട് വാക്കുകൾ നാം അപഗ്രഥിക്കുമ്പോൾ നമുക്ക് മനസ്സിലാകുന്നത് മുഖാം എന്ന വാക്ക് 4 വചനങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. അത് ഉപയോഗിച്ചിരിക്കുന്ന എല്ലാ സ്ഥലങ്ങളിലും ഭൗതിക അർത്ഥത്തിലാണ് ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ മഖാം എന്ന വാക്ക് 14 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. ഒരിടത്ത് ഒഴികെ മറ്റെല്ലാ സ്ഥലത്തും ആത്മീയ ലക്ഷ്യാർത്ഥത്തിലാണ് ഉപയോഗിച്ചിട്ടുള്ളത്. ഒരിടത്ത് താത്ക്കാലിക വാസസ്ഥലം എന്ന അർത്ഥത്തിലും ഉപയോഗിച്ചിരിക്കുന്നു.

മഖാമു ഇബ്റാഹീമ എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത് കഅ്ബയ്ക്ക് ചുറ്റും സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളാണ്. കഅ്ബയുടെ ഭിത്തികൾ പണിതുയർത്തിയപ്പോൾ ഹസ്രത് ഇബ്റാഹീം (അ) നിന്ന ഒരു കല്ല് അവിടെ കാണാവുന്നതാണ്. ആ സമയത്ത് നമുക്ക് ഇന്നറിയാവുന്നതു പോലെ തട്ടുണ്ടാക്കുന്നതിനുള്ള ഉപ

കരണങ്ങൾ ഉണ്ടായിരുന്നില്ല. എന്നാൽ ഹസ്രത് ഇബ്രാഹീം (അ) തന്റെ മൂത്ത പുത്രൻ ഹസ്രത് ഇസ്മായീൽ (അ) ന്റെ സഹായത്തോടുകൂടി പ്രസ്തുത പരിശുദ്ധ ഭവനം വീണ്ടും നിർമ്മിക്കുകയുണ്ടായി. ഒരു നിശ്ചിത ഉയരത്തിൽ ഭിത്തികൾ ഉയർത്തി കഴിഞ്ഞപ്പോൾ, ഹസ്രത് ഇബ്രാഹീം (അ) ഒരു കല്ല് തരപ്പെടുത്തി, അതിന്മേൽ കയറി നിന്ന് കൂടുതൽ ഉയരത്തിൽ ഭിത്തി നിർമ്മിക്കുകയുണ്ടായി.. ആയതിനാൽ ഹജ്ജിന്റെ കടമകളിൽ തീർത്ഥാടകൻ ഈ കല്ലിൻ പുറത്തോ, അതിന്റെ സമീപത്തോ നിന്ന് രണ്ട് റക്കഅത്ത് നഫ്ൽ നമസ്ക്കാരം നിർവ്വഹിക്കുന്നതും ഉൾപ്പെടുത്തുകയുണ്ടായി. നിങ്ങളുടെ ആരാധനാ സ്ഥലം മഖാമെ ഇബ്റാഹീമിൽ നിങ്ങൾ തെരഞ്ഞെടുക്കുമ്പോൾ ഇതിന് രണ്ടർത്ഥങ്ങൾ ലഭ്യമാകുന്നു. ഒന്നാമത്തേത് ഇത് നിങ്ങളെ, ഇബ്റാഹീം (അ) പ്രാർത്ഥയ്ക്കായി നിലയുറപ്പിച്ച ഭൗതിക സ്ഥലത്തേക്ക് എത്തിക്കുന്നു. രണ്ടാമത്തേത് ഈ അനുഗ്രഹീത പ്രവർത്തിയുടെ ആത്മീയ വലിപ്പത്തിൽ നിങ്ങളും പങ്കുചേരുന്നു. കാരണം നിങ്ങളും അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. അദ്ദേഹം മുമ്പ് പ്രാർത്ഥിച്ചതുപോലെ ! മഖാമെ ഇബ്റാഹീം പ്രധാനമായും സൂചിപ്പിക്കുന്നത് ആത്മീയ വലിപ്പത്തെയാണ്. ഹസ്രത് ഇബ്രാഹീം (അ) എത്തിച്ചേർന്ന ആത്മീയ നിലവാരത്തിലേക്ക് നമുക്കുയരാൻ കഴിഞ്ഞില്ലെങ്കിൽ പോലും, തീർച്ചയായും അവിടെ എത്തിച്ചേരുവാനുള്ള പരിശ്രമം തുടരേണ്ടതു തന്നെയാണ് !.

ഈ വചനത്തിന്റെ പ്രതീകാത്മകത്വ പൂർത്തീകരണത്തിന്റെ ഒരു വഴി രണ്ട് റക്കഅത്ത് നഫ്ൽ നമസ്ക്കാരം ഹജ്ജ് വേളയിൽ നിർവ്വഹിക്കുക എന്നതാണ്. വ്യക്തമായ ദൃഷ്ടാന്തങ്ങൾ എന്നതിന്റെ അർത്ഥത്തിന് ശക്തി പകരുവാൻ, ഇബ്റാഹീം (അ) ന്റെ പദവിയിലേക്ക്, ആരാധനയുടെ സത്ത നാം നേടിയെടുക്കുക എന്നതാണ്. ഇബ്രാഹീം (അ) ന്റെ സഹനതയിലൂടെ ഒരു ഭവനം പുനർ നിർമ്മിച്ചു. (അല്ലാഹുവിന്റെ ഭവനം) കാലാരംഭം മുതൽ നിലനിന്ന ഭവനത്തിന്റെ കേടുപാടുകൾ മാറ്റി, കാലത്തിന്റെ പ്രയാണത്തിൽ ചില മാറ്റങ്ങളും കൂട്ടിച്ചേർക്കലും, നൂറ്റാണ്ടുകളിലൂടെ സംഭവിച്ചിട്ടുണ്ടെങ്കിലും – ഒരു ഭവനം – പരിപൂർണ്ണമായും അല്ലാഹുവിനെ ആരാധിക്കുന്നതിനായി സമർപ്പിക്കപ്പെട്ടതാണത്. ഇവിടെ നാം ഇബ്രാഹീം (അ) ന് അല്ലാഹുവിനോടുണ്ടായിരുന്ന അദമ്യമായ സ്നേഹമാണ് അഭിമുഖീകരിക്കുന്നത്. ഈ രീതിയിലൂടെയുള്ള പ്രാർത്ഥനയിലൂടെ അദ്ദേഹത്തിന്റെ ആരാധനയുടെ വലിപ്പം അപാര ദൃഷ്ടാന്തങ്ങൾ തന്നെ. അത് സംശയലേശ്യമന്യേ ദൈവത്തിലേക്ക് നയിക്കുന്നത് തന്നെ. അദ്ദേഹത്തിന് മുൻപ് ഒരാളും ഇത്രയും ഉദാത്തമായ ദൈവസ്നേഹ പ്രകടനം കാണിച്ചിട്ടില്ലാ താരതമ്യം ചെയ്യാനാവാത്ത തരത്തിലുള്ള ആരാധനാ നിർവ്വഹണ വഴികൾ **"ആയാത്തുൻ ബയ്യിനാത്തുൻ"** എന്ന പദത്തിന്റെ അർത്ഥങ്ങളിൽ പ്രാർത്ഥനയോടൊപ്പം ഉൾക്കൊണ്ടിരിക്കുന്നു.

ആരാധനയെപ്പറ്റി പറയുമ്പോൾ, നാം അതിനെ വളരെ വിശാലമായ അർത്ഥത്തിൽ മനസ്സിലാക്കേണ്ടതുണ്ട്. എല്ലാവിധ ത്യാഗങ്ങളും ഇതുമായി ബന്ധിതമാണ്. ഇബ്രാഹീം (അ) ന്റെ ത്യാഗത്തെപ്പറ്റി നാം ഗൗരവപൂർവ്വം ചിന്തിച്ചാൽ, അദ്ദേഹം തന്റെ ഭാര്യ ഹാജറ (റ) യെയും അവരുടെ പുത്രൻ ഇസ്മായീൽ (അ) നെയും ദൈവീക കൽപ്പന പ്രകാരം നാടു കടത്തുകയും മരുഭൂമിയിൽ ഉപേക്ഷിക്കുകയും ചെയ്തു. അദ്ദേഹം കണ്ട സ്വപ്നത്തെപ്പറ്റിയും നാം ചിന്തിക്കേണ്ടതാണ്. അതിൽ തന്റെ പ്രിയമകനെ ബലി അർപ്പിക്കുവാൻ കൽപ്പിക്കപ്പെടുകയാണുണ്ടായത്. ഇതെല്ലാം ഹജ്ജിന്റെ പ്രഥമചര്യകളായി തീർന്നു. ഹസ്രത് ഹാജ്റ (റ) യുടെ വേദനയെക്കുറിച്ചും നാം ഓർക്കേണ്ടതുണ്ട്. സഫാ, മർവാ പർവ്വതങ്ങൾക്കിടയിൽ, ഓടുകയാണവർ, വല്ല യാത്രാ സംഘവും വരുന്നുണ്ടോ എന്നു നോക്കുവാനും തന്റെ മകനുകൊടുക്കുവാൻ അൽപം ജലം ലഭിക്കുമോ എന്നറിയുവാനും ! ഈ പ്രവർത്തിയും ഹജ്ജിന്റെ ഒഴിച്ചുകൂടാൻ കഴിയാത്ത ഒരു ഭാഗമായി തീർന്നിരിക്കുന്നു. ഹസ്രത് ഇബ്രാഹീം (അ) നും തന്റെ പുത്രൻ ഹസ്രത് ഇസ്മായീൽ (അ) നും അല്ലാഹുവിനോടുണ്ടായിരുന്ന അദമ്യമായ സ്നേഹ വായ്പിന് നന്ദി. പ്രകൃത്യാ അവർ ചെയ്ത പ്രവർത്തികൾ അതേ രീതിയിൽ ആവർത്തിക്കുവാൻ നമുക്ക് കഴിയുകയില്ല. എന്നാൽ നമുക്ക് കഴിയുന്നത്, അതിനെക്കുറിച്ച് വീണ്ടും ചിന്തിക്കാം, അനുസ്മരിക്കാം ; അതായത് ദാഹാർത്തനായ കുട്ടിയുടെ അക്ഷമയെക്കുറിച്ച്! അതേ ! ആ കുട്ടിയുടെ മാതാവ് ഒരു പർവ്വതത്തിൽ നിന്നും മറ്റൊരു പർവ്വതത്തിലേക്ക് ഓടുമ്പോൾ, ഇസ്മായീൽ (അ) തന്റെ ഉപ്പൂറ്റികൾ മണലിലിട്ടടിക്കുകയുണ്ടായി; അവൻ ദാഹപരവശനാണ് എന്ന അടയാളമായി! തന്റെ കാൽപ്പാദത്തിനടിയിൽ നിന്ന് ഒരു ഉറവ പൊട്ടി ഒഴുകി. ഈ ഉറവയെ ഇപ്പോൾ അറിയപ്പെടുന്നത് **'സംസം'** എന്ന കിണറായിട്ടാണ്. തീർത്ഥാടകർ അവരുടെ കാൽപാദങ്ങൾ മണലിൽ ഉരസുന്നില്ലെങ്കിൽ പോലും (ഇസ്മായീൽ (അ) ചെയ്തതുപോലെ) അവർക്ക് സംസം ജലം പാനം ചെയ്യാവുന്നതാണ്. കഅ്ബയുടെ നേരെ തിരിഞ്ഞ് തക്ബീർ ധ്വനികൾ മുഴക്കാവുന്നതാണ്; ഇസ്മായിൽ (അ) ആ സമയത്ത് ഇളക്കിവിട്ട വികാര

വിക്ഷോഭങ്ങളെക്കുറിച്ച് നമുക്ക് ചിന്തിക്കാം.

ആയാത്ത്  എന്ന പദത്തെ സംബന്ധിച്ച് ചിന്തിക്കുമ്പോൾ അത് മനുഷ്യ ഗ്രഹണത്തിനുമപ്പുറത്തേക്ക് കടന്നു പോകുന്ന ദൈവീക സ്നേഹത്തിന്റെ ദൃഷ്ടാന്തങ്ങളാകുന്നു. മാഖാമെ ഇബ്രാഹീം എന്ന വാക്കുകളെ വലയം ചെയ്തു നിൽക്കുന്നതു അതാണ്. ഇബ്രാഹീം (അ) ദൈവീകാരാധനയിൽ സമ്പൂർണ്ണമായി ഭക്തി നിർഭരനാവുകമാത്രമല്ല, മറിച്ച്, അല്ലാഹു താൻ തന്നെ അദ്ദേഹത്തിന്റെ ആരാധന തിരിച്ചറിയുകയും മറ്റുള്ള വർക്ക് സേവനം ചെയ്യുവാനായി ആ മാതൃക നിലനിർത്തുകയും ചെയ്തിരിക്കുന്നു. വിധിനാൾ വരേക്കും, അദ്ദേഹത്തിന്റെ ഭാര്യ ഹാജ്റ (റ) യുടെ ഉന്നതമായ ആത്മീയ പദവി നിലനിർത്തുകയും ചെയ്തിരിക്കുന്നു. അല്ലാഹു (ത) അവരുടെ പ്രവർത്തനങ്ങളെ അവരോടുള്ള അഗാധ സ്നേഹത്തിന്റെ അടയാളമായി പരിഗ ണിച്ചിരിക്കുന്നു. മറ്റൊരുകാര്യം, ഇസ്മായിൽ (അ) ന്റെ പ്രവർത്തി ഒരു നിഷ്കളങ്ക പ്രവർത്തിയായിരുന്നുവെ ങ്കിലും, അത് തന്റെ സ്വന്തം തീരുമാനത്തിലധിഷ്ഠിതവും സോദ്ദേശ്യപൂർണ്ണവുമായ ത്യാഗമായിരുന്നില്ല. എന്നാൽ സംസം ജലം കുടിക്കുക എന്നതും ഹജ്ജ് കടമകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അല്ലാഹു (ത) അദ്ദേ ഹത്തെ ഒരു പ്രവാചകനായി തെരഞ്ഞെടുക്കുകയും അതേ തുടർന്ന് സമുന്നത പ്രവാചകനായ ഹസ്രത് മുഹമ്മദ് (സ) നെ അദ്ദേഹത്തിന്റെ സന്താന പരമ്പരയിലൂടെ ശാരീരിക ആത്മീയ പിൻതുടർച്ചക്കാരനായി നിയോഗിക്കുകയും തെരഞ്ഞെടുക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ബോധപൂർവ്വമായ ത്യാഗം ഉണരുന്നത് നാം കാണുന്നത് തന്റെ പ്രിയപുത്രനെ, ബലി അർപ്പിക്കുന്നതായി കണ്ട സ്വപ്നം പിതാവ് ഇബ്രാഹീം (അ) പുത്രൻ ഇസ്മായീൽ (അ) നോട് പറയുമ്പോഴാണ്. ഇതിലൂടെ രണ്ട് ദൃഷ്ടാന്തങ്ങളാണ് വെളിവാക്കപ്പെടുന്ന ത്. ഹസ്രത് ഇബ്രാഹീം (അ) തന്റെ മകനെ ബലി അർപ്പിക്കുവാൻ തയ്യാറാകുന്നു; ഒരു എതിർപ്പും പ്രകടിപ്പി ക്കാതെ ഈ കൽപന നിറവേറ്റുവാൻ മകനും തയ്യാറാകുന്നു. അത്യത്ഭുതകരമായ ഒരു ദൃഷ്ടാന്തം ! യഥാർത്ഥ ത്തിൽ ഇത്തരം ഒരു സംഭവം ലോകത്തിലെ മറ്റൊരു മതത്തിലും ഇസ്ലാമിൽ അല്ലാതെ സംഭവിച്ചിട്ടുമില്ലാ, വെളിപ്പെടുത്തപ്പെട്ടിട്ടുമില്ല. ഹസ്രത് ഇബ്രാഹീം (അ) പറഞ്ഞു. **"യാ ബുനയ്യ"** എന്റെ പ്രിയ മകനെ ! ബുനയ്യ എന്ന പദം അത്യഗാധമായ സ്നേഹത്തെ പ്രകടിപ്പിക്കുന്നതാണ്. അങ്ങനെ അദ്ദേഹം തന്റെ പ്രിയ മകനോട് പറഞ്ഞു. എന്റെ പ്രിയ മകനെ, നിനക്കറിയാം ഞാൻ നിന്നെ എത്രമാത്രം സ്നേഹിക്കുന്നുവെന്ന്, എന്നാൽ ഞാനൊരു സ്വപ്നം കണ്ടിരിക്കുന്നു. അല്ലാഹുവിന്റെ കൽപന അനുസരിക്കുന്നതിലേക്കായി നിന്നെ ഞാൻ വധിക്കുന്നതായി സ്വപ്ന ദർശനം ഉണ്ടായിരിക്കുന്നു. നീ ഈ കാര്യത്തിൽ എന്ത് കരുതുന്നു ? നമ്മൾ എന്ത് ചെയ്യും ? ഒരു എതിർപ്പുമില്ലാതെ ഇസ്മായീൽ (അ) മറുപടിയായി പറഞ്ഞു. അല്ലയോ എന്റെ പിതാവേ ഈ ദൈവീക കൽപനയിൽ നിന്നും നമുക്ക് എങ്ങനെയാണ് അകലം പ്രാപിക്കുവാൻ കഴിയുന്നത് ? നിങ്ങളോട് ചെയ്യാൻ കൽപ്പിച്ചത് എന്താണോ അത് നിങ്ങൾ തീർച്ചയായും ചെയ്യണം. ആ ദൃഷ്ടാന്തങ്ങൾ അതിന്റെ പര മോന്നതി പ്രാപിക്കുന്നത് ഈ നിലവാരത്തിലാണ്. ഈ ദൃഷ്ടാന്തങ്ങൾ അഥവാ പ്രകടമായ അടയാളങ്ങൾ പര മോന്നതി പ്രാപിക്കുന്നത് ഇബ്രാഹീം (അ) ന്റെയും ഇസ്മായിൽ (അ) ന്റെയും ഗുണങ്ങൾ അവയുടെ പരമ കാഷ്ഠ പ്രാപിക്കുമ്പോഴാണ്. അവർ സ്വയം സമ്പൂർണ്ണമായി, അല്ലാഹുവിന്റെ ഇച്ഛക്ക്, നിയമത്തിന്, കൽപ്പ നയ്ക്ക് കീഴടങ്ങുകയായിരുന്നു. അതിനാണ് ഇസ്ലാം എന്ന് പറയുന്നത്. കഅ്ബയിൽ നിങ്ങൾ കാണുന്ന തൊക്കെ ഇസ്ലാമിന്റെ ആവർത്തന പ്രതിച്ഛായകളാണ്. അതായത്, ഇസ്ലാമിന്റെ ഈ പ്രതിച്ഛായകൾ നിങ്ങൾ കാണുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഹാജിമാർ നിർവ്വഹിക്കുന്ന ഹജ്ജ് കടമകളിലൂടെ, ഇബ്രാഹീം (അ) ന്റെ ആരാധനയും, ഹാജ്റ (റ) യുടെയും ഇസ്മായിൽ (അ) ന്റെയും ത്യാഗസ്മരണകളും ഓരോ വർഷവും ഇവിടെ പുനർ ജീവിപ്പിക്കപ്പെടുകയാണ്. ഒരു ഫിലിമിലൂടെ / സിനിമയിലൂടെ വീണ്ടും സംപ്രേഷണം ചെയ്യുന്ന തുപോലെ, ഈ പ്രതിബിംബങ്ങൾ നിങ്ങളുടെ മുമ്പാകെ പുനരാവർത്തിക്കപ്പെടുകയാണ്. ഇബ്രാഹീം (അ) ലൂടെ ഒരാത്മീയ സിനിമ അല്ലാഹു (ത) നമുക്ക് സമ്മാനിക്കുന്നതുപോലെയാണിത് ! തീർത്ഥാടകർ കഅ്ബയ്ക്ക് വലം വയ്ക്കുമ്പോൾ, ഇബ്റാഹീം (അ) ന്റെയും ഇസ്മായിൽ (അ) ന്റെയും ഹാജ്റ (റ) യുടെയും ആരാധന കൾ പുനരാരംഭിക്കുമ്പോൾ, ദശലക്ഷക്കണക്കിന് ഇബ്റാഹീം (അ) മാരും ഇസ്മായിൽ (അ) മാരും ഹാജ്റ (റ) മാരും ഇതിലൂടെ അവർ സ്വയം അല്ലാഹുവിന്റെ നിയമത്തിന് കീഴടങ്ങുകയാണ് ചെയ്യുന്നത്. അതിനാണ് ഇസ്ലാം എന്ന് പറയുന്നത്. ഇബ്രാഹീം (അ) ന്റെ എല്ലാ ആരാധനാ വഴികളും രീതികളും ഇസ്ലാം എന്ന വാക്കി ലൂടെ വെളിവാക്കപ്പെട്ടിരിക്കുന്നു.

ഇസ്ലാം അതിന്റെ സത്തയായിത്തീർന്നിട്ടുള്ള ഇബ്രാഹീം (അ) ന്റെ ആരാധനാ രീതിയും സ്ഥാനവും പദവിയും പ്രകടമാക്കുന്ന ഏതാനും വചനങ്ങൾ ഇവിടെ ഞാനുദ്ധരിക്കുകയാണ് **' അദ്ദേഹത്തിന്റെ നാഥൻ അദ്ദേഹത്തോട് കീഴ്പ്പെടുക എന്നു പറഞ്ഞപ്പോൾ, സർവ്വലോകനാഥനു ഞാനിതാ കീഴ്പ്പെട്ടിരിക്കുന്നുവെന്ന്**

**അദ്ദേഹം പറഞ്ഞു.'** (2:132) ഇബ്രാഹീം (അ) ട് അല്ലാഹു (ത) പറഞ്ഞു. നീ ഇസ്ലാമിൽ വിശ്വസിക്കുക. അതായത്, പരിപൂർണ്ണമായും നീ സ്വയം അവന് കീഴടങ്ങുക. അപ്പോൾ ഇബ്രാഹീം (അ) മറുപടിയായി പറഞ്ഞു. **" ഞാൻ വിശ്വസിക്കുന്നു, ഞാൻ കീഴടങ്ങുകയും ചെയ്തിരിക്കുന്നു. "** കീഴടങ്ങുവാൻ അല്ലാഹു ഇബ്രാഹീമിനോട് കൽപ്പിച്ചപ്പോൾ, അപ്പോൾ തന്നെ, അവിടെ വച്ച്, ഒരു എതിർപ്പും ഇല്ലാതെ, ദൈവ കൽപന അനുസരിക്കുകയാണ് ചെയ്തത്. അദ്ദേഹം പ്രഖ്യാപിച്ചു **"അതെ, ഞാൻ എന്നെ സ്വയം സൃഷ്ടാവിന് സമർപ്പിക്കുയാണ്; പ്രപഞ്ച രക്ഷിതാവായവന്"** വിശുദ്ധ ഖുർആനിലൂടെ എടുത്തു പറഞ്ഞ ഇസ്ലാമിന്റെ ഒന്നാമത്തെ മാതൃക ഇതാകുന്നു. മറ്റൊരു ഗ്രന്ഥവും ഇത്തരം ഇസ്ലാം സ്വീകരണത്തെക്കുറിച്ച് പ്രതിപാദിക്കുന്നില്ല. വിശുദ്ധ ഖുർആനിലെ മറ്റു ചില വചനങ്ങളിൽ അല്ലാഹു (ത) പറയുന്നു. **"ഇബ്രാഹീം ജൂതനോ ക്രിസ്ത്യാനിയോ ആയിരുന്നില്ല. പ്രസ്തുത അദ്ദേഹം (ദൈവമാർഗ്ഗത്തിൽ) ഉറച്ചു നിൽക്കുന്നവനും പരിപൂർണ്ണ അനുസരണമുളളവനുമായിരുന്നു. അദ്ദേഹം ബഹുദൈവ വിശ്വാസികളിൽ പെട്ടവനായിരുന്നില്ല."** (3:68) **"നിങ്ങൾ യഹൂദികളോ ക്രിസ്ത്യാനികളോ ആകുവിൻ; നിങ്ങൾക്ക് നേർവഴി പ്രാപിക്കാം എന്നവർ പറയുന്നു. നീ (അവരോട്) പറയുക. അല്ല (ഏകദൈവ സിദ്ധാന്തത്തിൽ) സ്ഥിരനിഷ്ഠനായ ഇബ്രാഹീമിന്റെ മാർഗ്ഗമാണ് (പിൻതുടരേണ്ടത്) അദ്ദേഹം ബഹുദൈവ വിശ്വാസികളിൽപ്പെട്ട ആളായിരുന്നില്ല."** (2:136) **"പറയുക അല്ലാഹു സത്യം പറഞ്ഞിരിക്കുന്നു. അതിനാൽ ദൈവമാർഗ്ഗത്തിൽ ഉറച്ചു നിന്നവനായ ഇബ്രാഹീമിന്റെ മതത്തെ നിങ്ങൾ പിൻതുടരുക. അദ്ദേഹം ബഹുദൈവ വിശ്വാസികളിൽപ്പെട്ടവനായിരുന്നില്ല."**(3:96) ഇസ്ലാമിന്റെ ഈ നിർവ്വചനം, വിഗ്രഹാരാധനയോടുളള ഇസ്ലാമിന്റെ നിലപാട് വ്യക്തമാക്കുന്നു. അതായത് മനുഷ്യൻ കീഴടങ്ങേണ്ടത് അല്ലാഹുവിന് മാത്രമാണ്; അവനല്ലാത്ത മറ്റൊന്നിനും കീഴടങ്ങരുത് എന്ന് സാരം. മനുഷ്യൻ (മാനവ സമൂഹം) തീർച്ചയായും നേർവഴിയിൽ നിലകൊളളണം; അതായത് സമ്പൂർണ്ണമായും അല്ലാഹുവിൻെറ നേരെ തിരിയുക; അതേ പ്രാധാന്യം അതേ ആരാധനാ മറ്റൊന്നിനും നൽകരുത്, സത്യവാനും മഹോന്നതനുമായ ദൈവത്തിനല്ലാതെ ! ഹസ്രത് ഇബ്രാഹീം (അ) ഈ സമ്പൂർണ്ണമായ ആരാധനാ അല്ലാഹുവിന് മാത്രമായി ദൃഷ്ടാന്തീ ഭവിപ്പിച്ചിരിക്കുന്നു. **" അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അധ്വാനിക്കേണ്ട മുറപ്രകാരം നിങ്ങൾ അത്യധ്വാനം ചെയ്യുവിൻ അവൻ തന്നെയാണ് നിങ്ങൾക്ക് മഹത്വം നൽകിയത്. നിങ്ങൾക്കവൻ മത കാര്യത്തിൽ ഒരു പ്രയാസവും ഉണ്ടാക്കി വച്ചിട്ടില്ല. നിങ്ങളുടെ പിതാവിന്റെ, ഇബ്രാഹീമിന്റെ മാർഗ്ഗത്തെ നിങ്ങൾ സ്വീകരിക്കുക. അവനത്രെ ഇതിനു മുമ്പും ഈ ഗ്രന്ഥത്തിലും നിങ്ങൾക്ക് മുസ്ലീങ്ങൾ എന്ന് പേർവച്ചിരിക്കുന്നത്. (ഇങ്ങനെയെല്ലാം ചെയ്തത്) ഈ ദൈവദൂതൻ നിങ്ങൾക്ക് സാക്ഷിയും നിങ്ങൾ മനുഷ്യകുലത്തിന് സാക്ഷിയും ആകുന്നതിനുവേണ്ടിയാണ്. അതിനാൽ നിങ്ങൾ നമസ്കാരം നിലനിറുത്തുക. സകാത്ത് കൊടുക്കുക. അല്ലാഹുവിനെ മുറുകെ പിടിക്കുക. അവൻ നിങ്ങളുടെ യജമാനനാകുന്നു. അതിനാൽ അവൻ എത്ര നല്ല യജമാനൻ! എത്ര നല്ല സഹായകൻ !"** (22:79) നിങ്ങളുടെ പിതാവായ ഇബ്രാഹീം (അ) യുടെ സമുദായം. ഈ സമുദായം രൂപം കൊളളുന്നത് അനുചരസംഘത്തിലൂടെയാണ്. ഈ ഗ്രന്ഥത്തിനു മുൻപും ഇതിലും അവനാണ് (അല്ലാഹു) നിങ്ങൾക്ക് മുസ്ലീങ്ങൾ എന്ന് നാമകരണം ചെയ്തത്. ഇബ്രാഹീം (അ) യുടെ കാലത്തും, വിശുദ്ധ ഖുർആനിലും ഈ സന്ദേശം ജനങ്ങൾക്ക് ഒരു സാക്ഷ്യപത്രമാണ്. അതായത് നിങ്ങൾക്ക് മാത്രമല്ല, മറിച്ച് മുഴുവൻ മാനവകുലത്തിനും ഒരു സാക്ഷിപത്രം തന്നെയാണ്. ലോക ജനതയുമായുളള ഒരു ഉടമ്പടിയാണ് അല്ലാഹുവിന്റെ ഭവനമായ കഅ്ബ. ഖുർ ആന്റെ അവകാശവാദവുമായി അതു പൊരുത്തപ്പെടുന്നതുമാണ്. അതിന്റെ നിർമ്മാണാരംഭം മറച്ചു വയ്ക്കപ്പെട്ടിരുന്നു. ഹസ്രത് ഇബ്രാഹീം (അ) ഈ ഭവനം നല്ല നിലയിൽ പണിതുയർത്തി, മാനവകുലത്തെ ഇസ്ലാമിലൂടെ ഒന്നാക്കി തീർക്കാൻ! മുസ്ലീം എന്ന പേര് വയ്ക്കപ്പെട്ട പ്രഥമൻ അദ്ദേഹമായിരുന്നു. അദ്ദേഹത്തിലൂടെയാണ് ഇസ്ലാമിന്റെ ആരംഭം എന്ന് തോന്നത്തക്കനിലയിൽ ! അതിന്റെ കാരണം ഈ ഭവന നിർമ്മാണമാണ്. (കൂടുതൽ കൃത്യമായി പറഞ്ഞാൽ പുനർനിർമ്മാണമായിരുന്നു) അല്ലാഹുവിനായി സമർപ്പിക്കപ്പെടുന്ന എല്ലാ ആത്മാക്കളെയും ഒരിടത്തു ഒരുമിച്ചുകൂട്ടുവാൻ ; അതുപോലെ ഇസ്ലാമിനെ ഒരു അന്താരാഷ്ട്ര മതമാക്കി തീർക്കുന്നതിനുമായി ! എന്നാൽ വിഷയം അവിടെ അവസാനിക്കുന്നില്ല. ഇബ്രാഹീം (അ) ഇസ്ലാമിന്റെ ജനനസമയത്ത് കണ്ട പ്രഥമ മുസ്ലീമായി പരിഗണിക്കപ്പെടുന്നുവെങ്കിലും വിശുദ്ധ ഗ്രന്ഥങ്ങളിൽ പ്രഥമ പ്രവാചകൻ അദ്ദേഹമാണെങ്കിലും, മുസ്ലീങ്ങളിൽ പ്രഥമൻ എന്ന തലവാചകം ഉണ്ടെങ്കിലും അനുസരിക്കുന്നതിൽ പ്രഥമൻ എന്ന സ്ഥാനപ്പേര് അദ്ദേഹത്തിന് നൽകാവതല്ല. കാരണം ഈ സ്ഥാനപ്പേര് സമ്പൂർണ്ണമായും അർപ്പിക്കപ്പെട്ടിരിക്കുന്നത് വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നാണ്. വിശുദ്ധ ഖുർആനിൽ അല്ലാഹു (ത) പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നോട് പറയുവാൻ കൽപ്പിച്ചു. **"അല്ലാഹുവിനെ മാത്രം ആരാധിക്കുവാൻ ഞാൻ കൽപ്പിക്കപ്പെട്ടിരിക്കുന്നു. എന്റെ മതത്തെ / ആരാധനയെ അവനായി മാത്രം അർപ്പിക്കുവാനും കൽപ്പിക്കപ്പെട്ടിരി**

**ക്കുന്നു. ഒന്നാമത്തെ മുസ്ലീം ആകുവാനും എനിക്ക് കൽപ്പന ലഭിച്ചിരിക്കുന്നു.''**

ഇത് തീർച്ചയായും തർക്കം ആവശ്യമില്ലാത്ത ഒരു പ്രസ്താവനയാണ്. ഇബ്രാഹീം (അ) ഒരു മുസ്ലീം ആയിരുന്നു. അദ്ദേഹത്തിന്റെ ഏറ്റവും വലിയ ഗുണം അല്ലാഹു കൽപ്പിച്ചപ്പോൾ തന്നെ ഇസ്ലാം മതം സ്വീകരിച്ചു എന്നുള്ളതാണ്. മുസ്ലീം സമുദായം അഥവാ ഉമ്മത്തിനെപ്പറ്റി പറയുമ്പോൾ, തീർച്ചയായും മുസ്ലീം സമുദായത്തെ തിരിച്ചറിയുന്നത് ഇബ്രാഹീം (അ) യിലൂടെയാണ്. കാരണം അദ്ദേഹം താൻ തന്നെയാണ് ഇസ്ലാമിന്റെ അടിത്തറയിട്ടത് എന്ന നിലയിൽ തന്നെയാണ്. എന്നാൽ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നെ ഒഴിച്ചു നിർത്തി, ഇബ്രാഹീം (അ) ഉൾപ്പടെ, മറ്റൊരാൾക്കും **''അവ്വലുൽ മുസ്ലീമീൻ''** ഒന്നാമത്തെ മുസ്ലീം എന്ന് ഇനിയും പറയാവതല്ല. വിശുദ്ധ ഖുർ ആൻ പറയുന്നു. **'' പറയുക എന്റെ നാഥൻ തീർച്ചയായും എന്നെ നേർമാർഗ്ഗത്തിലേക്ക് നയിച്ചിട്ടുണ്ട്. ഋജുവായ മതത്തിലേക്ക്, അതായത് ധർമനിഷ്ഠനായ ഇബ്റാഹീമിന്റെ മാർഗ്ഗത്തിലേക്ക് അദ്ദേഹം ബഹുദൈവ വിശ്വാസികളിൽപ്പെട്ടവനായിരുന്നില്ല. പറയുക, എന്റെ നമസ്ക്കാരവും എന്റെ ത്യാഗവും എന്റെ ജീവിതവും എന്റെ മരണവും സർവ്വലോകപരിപാലകനായ അല്ലാഹുവിനു ഉള്ളതാകുന്നു. അവന് ഒരു കൂട്ടുകാരനുമില്ല, അതാണ് എന്നോട് കൽപ്പിക്കപ്പെട്ടിട്ടുള്ളത്. ഞാൻ അനുസരണം പുലർത്തുന്നവരിൽ ഒന്നാമനാകുന്നു.''** (6:162 - 164) പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) പറഞ്ഞു. **''എന്റെ രക്ഷിതാവ് നേർപാതയിലേക്ക് എനിക്ക് മാർഗ്ഗദർശനം നൽകി. ഈ വിശ്വാസ സംഹിത, അത് സ്വയം വികാസം പ്രാപിച്ചതാണ്. (മനുഷ്യ ജീവിതത്തിന്റെ പ്രകൃതിപരമായ വഴിയിലൂടെ) അത് ഒരു തടസ്സവും സൃഷ്ടിക്കുന്നില്ല – ഒരു സമ്പൂർണ്ണമതമാണത്. ''**മില്ലത്ത ഇബ്റാഹീമ ഹനീഫ **'' ഈ സമുദായം ഇബ്റാഹീം (അ) നെ പിൻതുടർന്നുവന്ന സമുദായമാകുന്നു. ഈ സമുദായത്തിന്റെ ഏറ്റവും വലിയ ഗുണവിശേഷം, വിഗ്രഹാധാന ചെയ്യാത്ത സമുദായമാണിത്; അല്ലാഹുവിന് പങ്കുകാരെ ചേർക്കാത്ത സമുദായവുമാണിത്. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) പറഞ്ഞു. അദ്ദേഹം എല്ലാ നിലയിലുള്ള വിഗ്രഹാരാധനയിൽ നിന്നും സ്വതന്ത്രനാണ് ; അല്ലാഹുവിന് പങ്കു ചേർക്കുന്നതിൽ നിന്നും, അതായത് അദ്ദേഹത്തിന്റെ ആരാധനയും, ബലി അർപ്പണവും, ജീവിതവും, മരണവും അല്ലാഹുവിന് മാത്രമായി അർപ്പിക്കപ്പെട്ടിട്ടുള്ളതാകുന്നു. ''ലില്ലാഹി റബ്ബിൽ ആലമീൻ''** ലോകത്തെ സൃഷ്ടിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന അല്ലാഹുവിനായി സർവ്വതും സമർപ്പിക്കുക.**'' ലാ ശരീക്ക ലഹു''** അവനു സമന്മാരായി മറ്റാരുമില്ല. പ്രവാചകൻ (സ) കൽപ്പിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിനോട് പ്രസ്താവിക്കുവാൻ ആവശ്യപ്പെടുകയുണ്ടായി. അനുസരണം പുലർത്തുന്നവരിൽ ഒന്നാമനായി തീരുവാൻ ദൈവീക കൽപ്പന ലഭിച്ചിരിക്കുന്നു; അങ്ങനെ മുസ്ലീം (അനുസരണം പുലർത്തുന്നവൻ) ആയി തീരുക. അങ്ങനെ ഇബ്രാഹീം (അ) ന്റെയും ഇസ്മായീൽ (അ) ന്റെയും അനുഗ്രഹീത സന്താനപരമ്പരയിൽ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) പ്രവാചക മുദ്രയായി ആഗതരായി. അങ്ങനെ ഈ രണ്ട് അനുസരണയുള്ളവരുടെ പ്രാർത്ഥന, അനുസരണയുള്ള പ്രവാചക പ്രാർത്ഥന, അല്ലാഹുവിന്റെ സവിധത്തിൽ അസാധാരണമായ പ്രതിധ്വനി സൃഷ്ടിച്ചു. അല്ലാഹു പറഞ്ഞു **''ഓർമ്മിക്കുക ഇബ്രാഹീമും ഇസ്മായിലും (മക്കയിലെ) ആ മന്ദിരത്തിന്റെ അസ്ഥിവാരം പടുത്തുയർത്തുകയായിരുന്നപ്പോൾ, (അവർ പ്രാർത്ഥിച്ചു) ഞങ്ങളുടെ നാഥാ ! ഞങ്ങളിൽ നിന്ന് (ഈ സേവനത്തെ) സ്വീകരിക്കേണമേ ! നിശ്ചയമായും എല്ലാം കേൾക്കുന്നവനും നന്നായി അറിയുന്നവനും നീ തന്നെയാണല്ലോ. ഞങ്ങളുടെ നാഥാ ! നീ ഞങ്ങളിരുവരെയും നിന്നെ അനുസരിക്കുന്നവരാക്കുകയും ഞങ്ങളുടെ സന്തതികളിൽ നിന്ന് നിന്നെ അനുസരിക്കുന്ന ഒരു സമുദായത്തെ എഴുന്നേൽപ്പിക്കുകയും ചെയ്യേണമേ ! ഞങ്ങൾക്ക് ഞങ്ങളുടെ ആരാധനാ വിധങ്ങൾ നീ കാണിച്ചു തരേണമെ ! ഞങ്ങളുടെ നേരെ കാരുണ്യത്തോടെ തിരിയേണമേ ! നിശ്ചയമായും (നിന്റെ ദാസന്മാരുടെ നേരെ) വളരെയധികം ശ്രദ്ധ തിരിക്കുന്നവനും കരുണാമയനും നീ തന്നെ ആണല്ലോ. ഞങ്ങളുടെ നാഥാ അവർക്ക് നിന്റെ ദൃഷ്ടാന്തങ്ങൾ വിവരിച്ചുകൊടുക്കുകയും ഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും ഒരു ദൂതനെ നീ അവരിൽ നിന്നും എഴുന്നേൽപ്പിക്കേണമേ ! തീർച്ചയായും പ്രതാപശാലിയും അഗാധജ്ഞാനിയും നീ തന്നെ ആകുന്നു.''** (2:128 - 130)

അല്ലാഹു (ത) ഈ പ്രാർത്ഥന കേട്ടു. അതിന് പ്രത്യുത്തരം ചെയ്തു അവൻ മുസ്ലീങ്ങളിൽ ഏറ്റവും ശ്രേഷ്ഠനെ, അല്ലാഹുവിന്റെ പ്രവാചകന്മാരിൽ ശ്രേഷ്ഠനെ, ഈ രണ്ടു മഹാന്മാരായ ദാസന്മാരുടെ സന്താന പരമ്പരയിൽ നിന്ന് നിയോഗിച്ചു. ആ പ്രവാചകൻ ഇസ്ലാമിന്റെ അടയാളമായി തീർന്നു. അതായത് അല്ലാഹുവിന് കീഴടങ്ങുന്നത് എങ്ങനെയെന്നു കാണിച്ചു. തന്റെ വാക്കുകളിലൂടെയും പ്രവർത്തിയിലൂടെയും ഇസ്ലാമിനു വേണ്ടി അദ്ദേഹം സംസാരിച്ചു. സംശുദ്ധമായ ഇസ്ലാമിക വഴിയിലൂടെ ജീവിച്ചു. എല്ലാം അദ്ദേഹം ദൈവ വഴിയിൽ ത്യാഗം ചെയ്തു. അങ്ങനെ ഏക ദൈവാരാധന മാനവ ഹൃദയങ്ങളിലും മാനവ പ്രവർത്തനങ്ങ

ളിലും പുനഃപ്രതിഷ്ഠിച്ചു.

തീർച്ചയായും മക്കയിലേക്കുള്ള പ്രവേശനം, മുമ്പ് അവിടം പറയപ്പെട്ടിരുന്നത് **"ബക്ക"** എന്നായിരുന്നു. കഅ്ബയിലെത്താനും ഹജ്ജ് കർമ്മങ്ങൾ നിറവേറ്റുവാനുമായി തുറന്നുകിടക്കുന്നതാണ്. മാനവകുലത്തിന് മുഴുവനും അത് സുസാധ്യമാക്കിയിരിക്കുന്നു. ലോകത്തിലെ ഏറ്റവും പരിപാവനമായ സ്ഥലം സംരക്ഷിക്കപ്പെടേണ്ട സുരക്ഷാ കാര്യങ്ങൾ ആവശ്യമായിരിക്കെ തന്നെ, ഈ ഭവനം, മാനവരാശിക്കാകമാനമുള്ള സാർവ്വദേശീയ ഭവനം തന്നെയാണ്. ഇസ്ലാമിക ആവശ്യങ്ങളെയെല്ലാം സ്നേഹിച്ചും ആദരിച്ചുംകൊണ്ട് തീർത്ഥാടനം നടത്തുവാൻ ആഗ്രഹിക്കുന്നവരെ സൗദി ഗവൺമെന്റ് തടയുന്നത് പാപം തന്നെയാണ്. കഅ്ബ അവരുടെ വസ്തു വകകളല്ല. അവർ അതിന്റെ സൂക്ഷിപ്പുകാർ മാത്രമാണ്. അഹ്മദി മുസ്ലീംകളോ അല്ലെങ്കിൽ ഇറാനികളോ (അവരിൽ കൂടുതൽ പേരും ഷിയാ വിഭാഗത്തിൽപ്പെടുന്നവരാണ്.) സമാധാനപൂർവ്വം ഹജ്ജ് നിർവ്വഹിക്കുവാൻ ആഗ്രഹിക്കുകയാണെങ്കിൽ, ഒരു പ്രകോപനവുമില്ലാതെ ആരുടെ ഭാഗത്തു നിന്നുമുള്ള ഒരു നിയന്ത്രണവുമില്ലാതെ, ഇസ്ലാമിലെ അഞ്ചാമത്തെ വിശ്വാസപരമായ കടമ നിർവ്വഹിക്കുവാൻ അവർക്കെല്ലാ അവകാശങ്ങളുമുണ്ട്.അതായത് ഹജ്ജ് കർമ്മം നിർവ്വഹിക്കുവാനുള്ള അവകാശമുണ്ട്. സംശയാസ്പദമായ എന്തെങ്കിലും കാര്യങ്ങളുടെ പേരിൽ, ഈ അനുഗ്രഹീത ആചാരാനുഷ്ഠാനങ്ങളിൽ പങ്കെടുക്കുന്നതിൽ നിന്നും അവരെ തടയുകയാണെങ്കിൽ, ഹജ്ജിന്റെ തത്വ ശാസ്ത്രത്തെ തന്നെയാണ് അതിലംഘിക്കുന്നത്. ഈ ഭവനം അല്ലാഹുവിന്റേത് മാത്രമാണ്. അവനാണ് തീർത്ഥാടനത്തിനായി എല്ലാവരെയും ക്ഷണിച്ചിരിക്കുന്നത്. വിശ്വാസത്തിന്റെ അനുഗ്രഹ രുചി ആസ്വദിക്കുവാൻ ! ഇബ്രാഹീം (അ) നെയും അദ്ദേഹത്തിന്റെ ത്യാഗത്തെയും സംശുദ്ധമായ ആരാധനയെയും, അദ്ദേഹത്തിന്റെ രണ്ടാം ഭാര്യ ഹാജറ (റ) യെയും പ്രഥമപുത്രൻ ഇസ്മായീൽ (അ) നെയും സ്മരിക്കുന്നതിലൂടെ ലഭ്യമാകുന്ന ആത്മീയ നിർവൃതിയ്ക്കായി ! ക്ഷണിച്ചിരിക്കുന്നത് അല്ലാഹു (ത) തന്നെയാണ്.

ഈദുൽ അദ്ഹ, ത്യാഗത്തിന്റെ പെരുനാൾ, സമ്പൂർണ്ണമായും ആത്മാക്കൾ ഒരുമിച്ചു ചേരുന്ന ധന്യ നിമിഷം. അല്ലാഹുവിനോടുള്ള അവരുടെ ഭക്തിയുടെ സ്വരം ഒന്നായി തീരുന്ന സമയം, അവന്റെ ഏകത്വത്തെ ഉറക്കെ പ്രഖ്യാപിക്കുന്നു, ബലി അർപ്പിക്കുവാൻ അനുവദിക്കപ്പെട്ട മൃഗങ്ങളെ ബലിയർപ്പിക്കുന്നു. അതിലൂടെ ഇബ്രാഹീം (അ) ന്റെയും ഇസ്മായീൽ (അ) ന്റെയും ഹാജ്റ (റ) യുടെയും അല്ലാഹുവിനോടുള്ള അനുസരണത്തിന്റെയും കീഴടങ്ങലിന്റെയും അടയാളം എന്നെന്നും നിലനിൽക്കത്തക്ക നിലയിൽ, മാനവരാശി ഭൂമുഖത്തുള്ളിടത്തോളം കാലം നിലനിർത്തിയിരിക്കുന്നു.

**ഞാൻ എല്ലാവർക്കും ഈദ് മുബാറക്ക് ആശംസിക്കുന്നു. നിങ്ങളുടെ മുഴു ജീവതവും അല്ലാഹുവിന് മാത്രമായി സമർപ്പിക്കുക. ഇബ്രാഹീം (അ) യും ഇസ്മായിൽ (അ) യും ഹാജ്റ (റ) യും ഭൗതികമായും ആത്മീയമായും ഹസ്റത്ത് ഇബ്റാഹീം (അ) ന്റെയും ഹസ്രത് ഇസ്മായിൽ (അ) ന്റെയും സന്താന പരമ്പരയിലെ പ്രവാചക ശ്രേഷ്ഠനായ ഹസ്രത് മുഹമ്മദ് (സ) യും പോലെ ! (ജീവിതം സമ്പൂർണ്ണമായും അല്ലാഹുവിനായി സമർപ്പിക്കുക) അല്ലാഹു (ത) നമ്മുടെ ത്യാഗങ്ങളെ അംഗീകരിക്കട്ടെ ! എപ്പോഴും അവൻ നമ്മെ അവന്റെ ഇഷ്ട ഭാജനങ്ങളിൽ ഉൾപ്പെടുത്തട്ടെ ! ആമീൻ. അല്ലാഹുവിന്റെ യഥാർത്ഥ ഇഷ്ട പ്രജകളാകുന്നതിനെക്കുറിച്ച് നമുക്ക് എപ്പോഴും ഓർക്കാം. അല്ലാഹുവിന്റെ മുമ്പിൽ നമ്മുടെ ആത്മീയ പുരോഗതിയ്ക്കായി നാം അനേകം പരീക്ഷണങ്ങളിലൂടെ കടന്നു പോകേണ്ടതുണ്ട്. മഖാമെ ഇബ്റാഹീം എന്ന സ്ഥാനത്തു യഥാർത്ഥ അർത്ഥത്തിൽ എത്തിച്ചേരുവാൻ ! ഇൻശാ അല്ലാഹ് ആമീൻ.**

**Translated & Issued By**

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*